www.gospelinmalayalam.com

# 2 THESSALONIANS

തെസ്സലോനിക്യയിലെ സഭയ്ക്കു പൗലുസ് രണ്ടാമത്തെ ലേഖനം എഴുതുന്നു.

AD 51ൽ കൊരിന്തിൽ നിന്നും ഒന്നാമത്തെ ലേഖനം എഴുതിയതിന്റെ purpose:-

(1) തെസ്സലോനിക്യയിലെ പുത്തൻ വിശ്വാസികളെ വിശ്വാസത്തിൽ സ്ഥിരതയുള്ളവരാക്കുക, പീഡനങ്ങളുടെ മദ്ധ്യേ വിശ്വാസത്തിൽ ഉറപ്പിക്കുക.

(2) ചില തെറ്റുകളെ correct ചെയ്യുക.

(3) ആത്മീക ഗുരുക്കളെ ബഹുമാനിക്കാൻ ഉപദേശിക്കുക.

(4) കർത്താവിൽ മരിച്ചവർക്ക് എന്ത് സംഭവിക്കും എന്ന് ഉപദേശിക്കുക.

ഈ രണ്ടു ലേഖനം എഴുതാനുള്ള കാരണം പ്രധാനമായും രണ്ട് സംഗതികളാണ്.

(1) കപട ഉപദേഷ്ടാക്കൾ സഭയിൽ കടന്ന് "കർത്താവിന്റെ നാൾ" സംബന്ധിച്ച് തെറ്റായ വിവരങ്ങൾ സഭയിൽ പ്രചരിപ്പിച്ചു. പലരും അതുകേട്ട് ജോലിയൊക്കെ നിർത്തി, കർത്താവിന്റെ വരവും കാത്ത് മടിപിടിച്ച് ഇരിക്കാൻ തുടങ്ങി.

1Thes 4:11-12ൽ പൗലൂസ് ഇതിനെതിരായി ഉപദേശിച്ചതൊക്കെ ഈ tendency നേരത്തേ തന്നെ മനസ്സിലാക്കിയതിനാലായിരുന്നു. എന്നാൽ ആ പ്രശ്നം സഭയിൽ വർദ്ധിച്ചു വന്നു.

1Thes 4:11-12 *പുറത്തുള്ളവരോടു മര്യാദയായി നടപ്പാനും ഒന്നിന്നും മുട്ടില്ലാതിരിപ്പാനും വേണ്ടി ഞങ്ങൾ നിങ്ങളോടു ആജ്ഞാപിച്ചതുപോലെ അടങ്ങിപ്പാർപ്പാനും സ്വന്തകാര്യം നോക്കുവാനും സ്വന്തകൈകൊണ്ടു വേല ചെയ്‌വാനും അഭിമാനം തോന്നേണം എന്നും നിങ്ങളെ പ്രബോധിപ്പിക്കുന്നു.*

(2) കപട ഉപദേഷ്ടാക്കന്മാർ മൂലം വിശ്വാസത്തിൽ ബലഹീനരായിത്തീർന്നവരെ, വീണ്ടും വിശ്വാസത്തിൽ ഉറപ്പിക്കുക എന്ന ഉദ്ദേശ്യവും, ഈ രണ്ടാമത്തെ ലേഖനത്തിൽ നമുക്കു കാണാം.

fleettech@gmail.com